61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 950 Participant Code: 105

# കഥാരചന.

## വിഷയം : അവൾ / അവൻ / അവരാരായിരുന്നു ?

## അവരാരായിരുന്നു ആ ഊരിന് ? *

തെക്കുനിന്നും വന്ന ഇളം തണുത്ത കാറ്റ് അവിടെയുണ്ടായിരുന്ന പുൽച്ചെടികളേയും മരങ്ങളേയും തഴുകിയുണർത്തി. സൂര്യന്റെ ഉദയം കാത്ത് പൂക്കൾ നിലാവിൽ പ്രതീക്ഷയോടെ നിന്നു. എന്നാൽ നാണുവിന്റെയും കോതയുടേയും കുടിലിന് ആ ഇളംകാറ്റിനെ പോലും താങ്ങാൻ സാധിച്ചില്ല. കുടിലിന്റെ മുകളിൽ മെടഞ്ഞിട്ടിരുന്ന ഓലകൾ നിലംപൊത്തി. ആ വലിയ ശബ്ദത്തിന്റെ ഗാംഭീര്യം കൊണ്ട് നാണുവും കോതയും ഉണർന്നു. ദൂരെ എവിടെയോ ആനകളുടെ അലറലുകൾ കേൾക്കാം. ഭയത്തോടെ നാണു പുറത്തേയ്ക്ക് ഇറങ്ങി ഓലകൾ മാറ്റിയിട്ടു. പട്ടിണിയുടേയും ദാരിദ്ര്യത്തിന്റെയും വേദനകൾക്കിടയിലും അവന്റെ ചൂടിൽ, മാറോട് ചേർന്ന് അവൾ ഉറങ്ങി. നാണുവിന്റെ മനസിൽ നാളെയുടെ പേടിപ്പെട്ട ദൃശ്യങ്ങൾ മാത്രം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

"ചുന്ദരി... ചുന്ദരി കോതേ... എവിടെയാ നീയ്. നീയ് വല്ലതും കയ്ച്ചുവോ-" ഒരു ഉത്തമ ഭർത്താവിന്റെ അന്വേഷണ ദൗത്യത്തിൽ നിന്നുകൊണ്ട് നാണു ചോദിച്ചു.

"നമ്മ ഒന്നും കയ്ച്ചില്ല. ഇങ്ങടക്കുള്ളത് എടുത്തു വെച്ചിരിപ്പുണ്ട്. ഞാന് പോയിട്ട് നങ്ങേലിനേ മൂപ്പന്റെ എടുത്ത് കൊണ്ടോയി വിട്ടേച്ച് ബെരാം." - അവൻ നങ്ങേലിയുടെ കൈ പിടിച്ച് കുടിലിൽ നിന്നും മൺപാത വഴി മൂപ്പന്റെ വീട്ടിലേക്ക് യാത്രയായി. ആ ഊരില് എഴുത്ത് അറിയാവുന്ന ഒരേയൊരു ആള് മൂപ്പനാണ്.

ചുവന്ന കണ്ണുകളുമായി കോതയുടെയും നങ്ങേലിയുടെയും പിറകിൽ ഒരു കഴുകൻ ഉണ്ടായിരുന്നു.

"അമ്മേ... എനിച്ച് വൈകീട്ട് വരുമ്പോ, നെല്ല് കുത്തിയ ചോറും മോരും വേണേ..." പട്ടിണിയോ ദാരിദ്ര്യമോ എന്തെന്നറിയാത്ത ആ കുഞ്ഞുമനസ്സ് അങ്ങനെ ആഗ്രഹങ്ങൾ പുലമ്പി. ഒരു ഭാവ മാറ്റവും ഇല്ലാതെ ചിരിച്ചുകൊണ്ട് കോത എല്ലാം സമ്മതിച്ചു. പെട്ടന്ന് ഒരു മിന്നൽ വേഗതയിൽ അവരുടെ മുന്നിൽ ആരോ പ്രത്യക്ഷപ്പെട്ടു.

61st Kerala State School Kalolsavam - Jan 03 To 07, 2023
Kozhikode

Item Code: 950 Participant Code: 105

കോതയുടെ ബോധം പോകാനുള്ള പച്ചിലകൾ
അയാളുടെ കൈകളിൽ ഉണ്ടായിരുന്നു. ഇലകൾ ഞെരടി
ആ അസുരൻ ചിരുതയുടെ മൂക്കിന്റെ അടുത്തേക്ക്
വച്ചു. അവളുടെ ബോധം ഒരു അലർച്ചയ്ക്ക്
ശേഷം നഷ്ടപ്പെട്ടു.

"ആ.... ആ... ന്റെ അമ്മേ എന്നെ ദാ..
കൊണ്ടോണേ... അമ്മച്ചി എണ്ണീച്ച് രക്ഷിക്ക് എന്നെ.."
നങ്ങേലിയുടെ കരച്ചിൽ അങ്ങനെ നീണ്ടു. അവളുടെ
കരച്ചിലിൽ അവിടെയുണ്ടായിരുന്ന പ്രകൃതിയും തേങ്ങി.
നീചമനസുള്ള ആ മനുഷ്യൻ നങ്ങേലിയുമായി
കാട്ടിലേക്ക് ഓടി.

"ഏറെ നേരമായിട്ടും കുട്ടികളെ കാണുന്നില്ലല്ലോ..
എന്നാ ആ ചുന്ദരി കോതയോട് പറയണതാ
കുട്ടിയെ നേരത്തെ കൊണ്ടുവരണമെന്ന്. ഇനിയിപ്പൊ
നമ്മള് തന്നെ പോയി നോക്കാം." മൂപ്പൻ
വചാലനായി വഴിയിലൂടെ നടന്നു. നോക്കിയപ്പോൾ
അതാ കോത അവിടെ കിടക്കുന്നു..

"മോളേ... കോതേ.. എണീക്ക്.. മൂപ്പനാ വിളിക്കണേ"
അയാൾ ദുഃഖിതനായി അവളെ ഉണർത്താൻ
ശ്രമിച്ചു. വിവരം കേശുവിനെ വിട്ട് നാണുവിനെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

അറിയിച്ചു. കേട്ടപ്പോൾ തന്നെ നാണു കരഞ്ഞുകൊണ്ട് ഓടി മൂപ്പന്റെ അടുക്കലേക്ക് വന്നു. ആ സമയം കോതയ്ക്ക് ബോധം തിരിച്ചുകിട്ടിയിരുന്നു. മൂപ്പനോട് നടന്നതെല്ലാം അവൾ പറഞ്ഞു. നാണുവിനെ കണ്ടതും അവൾ ഓടിച്ചെന്ന് അവനെ പുണർന്നു. ഒരു മഴവെള്ളപ്പാച്ചിലുപോലെ അവളുടെ കണ്ണുകളിൽ നിന്നും നീർച്ചാലുകൾ ഒഴുകിവന്നു.

"മനുഷ്യ.. നമ്മടെ നങ്ങേലിയോ ആരോ കൊണ്ടോയി.. എന്റെ കുട്ട്യേ കൊണ്ടോയി ആരോ.. എന്റെ കാവുംപുറത്ത് മൂപ്പാ എന്റെ കുട്ടിനെ തിരിച്ചു തരണേ..." - കോതയുടെ വാക്കുകളിൽ ഒരമ്മയുടെ ദുഃഖം നിറഞ്ഞുനിന്നു. നാണുവിന് തന്റെ ജീവൻ നഷ്ടപ്പെടുന്ന പോലെ ~~തോന്നി~~ തോന്നി.

ഊണും ഉറക്കവും ഇല്ലാത്ത രണ്ടു രാത്രികൾ കടന്നുപോയി. പിറ്റേന്ന് രാവിലെ കുട്ടൻ എന്ന നാണുവിന്റെ അനുയായിയുമായ സുഹൃത്ത് അവരുടെ കുടിലിലേക്ക് എത്തി.

"കുട്ടാ... ഞങ്ങള് ഇനീം എന്താ വേണ്ടിക്ക്... ന്റെ കുട്ട്യേ എങ്ങനെയാ ഇനി കിട്ടുവാ..." അയാളുടെ വിഷമം കുട്ടനുമായി പങ്കുവച്ചു.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ചന്ദനത്തടി കാട്ടിൽ നിന്നും മുറിച്ച് ഉണക്കി ഇടനിലക്കാർക്ക് നൽകുന്നതാണ് നാണുവിന്റെ ജോലി. നാണുവിന്റെ കൂടെയാണ് കുട്ടനും ജോലി ചെയ്തിരുന്നത്. എന്നാൽ ജോലിയിൽ ഉള്ള അറിവില്ലായ്മ കാരണം മൂപ്പൻ അവനെ പുറത്താക്കിയിരുന്നു. ചന്ദനത്തടി മുറിക്കാനും ഉണക്കാനും നാണുവിനെക്കാൾ മിടുക്കൻ വേറാരും ആ ഊരിൽ ഉണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ കുട്ടൻ നാട്ടിലെ ഒരു വൻകിട മുതലാളിയുടെ കൂട്ടാളിയാണ്. കാട്ടിൽ നിന്നുള്ള വസ്തുക്കൾ മോഷ്ടിച്ച് മുതലാളിയ്ക്ക് നൽകുന്നതാണ് ഇപ്പോൾ അവന്റെ ഹരം.

"കുട്ടാ നീ നിക്ക് ഒരു ഉപകാരം ചെയ്യണം. കാട്ടിൽ നിന്നും ചന്ദനത്തടികൾ ഉണക്കിയെടുത്ത് തരണം. കോടികൾ കൊണ്ടുള്ള ബിസിനസ്സ് ആണ്. നിനക്കും നല്ല ലാഭം കിട്ടും" - അയാളുടെ പ്രലോഭനത്തിന്റെ വാക്കുകൾ പുറത്തേയ്ക്ക് വന്നു.

"മുതലാളിയെ സഹായിക്കാൻ അല്ലേ ഞാൻ ഉള്ളത്. ഇതൊക്കെ എപ്പോ ചെയ്തെന്ന് ചോദിച്ചാപ്പോരേ." പ്രലോഭനത്തിന്റെ വാക്കുകളിൽ അകപ്പെട്ട് അയാൾ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

പറഞ്ഞു: നങ്ങേലിയെ ആരോ തട്ടിക്കൊണ്ടുപോയി
എന്ന് കേട്ടത് അയാൾക്ക് ഒരു പുതുമയായി
തോന്നിയില്ല:

വൈകുന്നേരം കുടിലിന്റെ മുന്നിൽ നിന്നും
ഒരു കവറ് നാണുവിന്ന കിട്ടി: കാര്യമായി അതിൽ
എന്തോ ഉണ്ടെന്ന് അയാൾക്ക് മനസിലായി: കോരയുമായി
കവറും എടുത്ത് കൊണ്ട് അയാൾ മൂപ്പന്റെ
കുടിലിലേയ്ക്ക് നടന്നു: മൂപ്പൻ ഭീതിയോടെ
ആ കവറ് തുറന്നു നോക്കി: അയാൾ ഭീതിയോടെ
മൺതറയിൽ ഒടിഞ്ഞു വീണു: നാണു ആ
കവറിനുള്ളിലേക്ക് നോക്കിയപ്പോൾ നങ്ങേലിയുടെ
ഇടതൂർന്ന മുടിയായിരുന്നു അത്:
"അയ്യോ... ന്റെ കുട്ടിയ്ക്ക് എന്താ പറ്റിയെ..."
കോരയുടെ ജീവൻ പോകുന്ന പോലെയായി:
അലമുറയിട്ട് അവർ കരഞ്ഞു: അതിൽ ഒരു
കത്തും കൂടി ഉണ്ടായിരുന്നു: ആ കത്തിൽ
ഇങ്ങനെ എഴുതിയിരുന്നു...

"പ്രിയപ്പെട്ട നാണു,

നിന്റെ മകൾ എന്റെ കൈകളിൽ ഉണ്ട്:
ഒരാഴ്ച്ചയ്ക്കകം ഞാൻ അവളെ കൊല്ലും: അത്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വേണ്ട എങ്കിൽ നീ കാട്ടിലെ ചന്ദനമരങ്ങൾ മുറിച്ച് ഉണക്കി ഞാൻ പറയുന്നിടത്ത് എത്തിക്കണം"

എന്ന്

ഒരു കഴുകൻ (സുഹൃത്ത്)"

മൂപ്പൻ കത്ത് വായിച്ചതും നാണുവിന്റെ നെഞ്ചിൽ കടൽ കലങ്ങി മറിഞ്ഞു. എന്തു ചെയ്യണം എന്ന് അവന് അറിയില്ല. ഒരു ഭാഗത്ത് തന്റെ മക്കളുടെ ജീവൻ മറു ഭാഗത്ത് ആ ഊരിലെ ആയിരങ്ങളുടെ ജീവൻ. മൂപ്പന് നങ്ങേലിയെക്കാൾ പ്രാധാന്യം ആ ഊരായിരുന്നു. അവിടുത്തെ ജനങ്ങൾ ആയിരുന്നു. മൂപ്പൻ മൗനമായി തന്നെ നിന്നു. ആ മൗനത്തിൽ നിന്നും നാണുവിന് എല്ലാം മനസിലായി. മക്കളുടെ ജീവൻ പോയാലും ആ ഊരിനെ കൈവിടാൻ നാണു തയാറല്ലായിരുന്നു.

പിറ്റേ ദിവസം പുലർച്ചെ ഊരിനെ നടുക്കിയ കാഴ്ച എവർക്കും കാണേണ്ടി വന്നു. കാട്ടിലെ എല്ലാ ചന്ദനമരങ്ങളുടെയും കുറ്റികൾ മാത്രം. തടിയോ, ചില്ലകളോ ഇല്ല. എല്ലാവരുടെയും തല പിളർന്നു പോകുന്നപോലെ ആയിരുന്നു. "ഇതിൽ ഒരു സംശയവും വേണ്ട. ഇതെല്ലാം ചെയ്തത് ഈ നാണുവാ... എനിക്കറിയാം. ഇന്നലെ

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

നമ്മളെല്ലാം കഞ്ഞീല് വിഷം കലക്കീട്ടാ ഇവൻ ഈ മരം ഒക്കെ മുറിച്ചത്..." - മൂർഖന്റെ വിഷം ചീറ്റി കൊണ്ട് മൂപ്പൻ പറഞ്ഞു. ഊരിലെ എല്ലാവരും അത് പിന്തുണച്ചു. കാരണം നാണുവിനല്ലാതെ മറ്റാർക്കും ഒരു കത്തികൊണ്ട് ഇത് ചെയ്യാൻ ആവില്ല എന്ന് അവർ വിശ്വസിച്ചു. ഇതുകേട്ടതും മൂപ്പൻ നാണുവിനെയും കോതയേയും കുടിലിന് മുന്നിലെ മുളയിൽ കെട്ടിയിട്ടു.

"മനുഷ്യ.. നമ്മളെ ഇവര് കത്തിക്കാൻ പോവാ. നമ്മള് ഈ കാട്ടിനോടും ഊരിനോടും ഒരു തെറ്റും ചെയ്തിട്ടില്ലല്ലോ... പിന്നെന്താ ഇങ്ങനെയൊക്കെ..." കോത സങ്കടത്തോടെ ചോദിച്ചു.

"ചുന്ദരി കോതേ.. നമ്മടെ ജീവൻ പോവാ... ഈ ഊര് നമ്മളെ എന്നേലും തിരിച്ചറിയും. ന്തായാലും നമ്മക്ക് ഒരുമിച്ച് മരിക്കാം. കാട്ടമ്മ എല്ലാം അറിയുന്നുണ്ട്" - മരണത്തിന്റെ വക്കിലും അവൻ അവൾക്ക് ആത്മധൈര്യം കൊടുത്തു.

യാതൊരു വിചാരങ്ങളും ഇല്ലാതെ മൂപ്പൻ അവരെ കത്തിയെരിച്ചു. ചെയ്യാത്ത തെറ്റിന്റെ പേരിൽ അവർ ആ ഊരിൽ നിന്നും കാട്ടമ്മയുടെ അടുത്തേക്ക് യാത്രയായി. ഒരു രാക്ഷസരൂപം കത്തിയെരിയുന്ന

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ജനങ്ങൾക്കു മുന്നിൽ നിന്ന് ആഹ്ലാദിച്ചു. അതെല്ലാം ചെയ്തത് കുട്ടൻ എന്ന ആ നീചൻ ആയിരുന്നു.
"ഹാ.. ഹാ.. ഇപ്പഴാ നിക്ക് സന്തോഷം ആയേ"
അവൻ മനസിൽ പറഞ്ഞു. യന്ത്രങ്ങളുടെ സഹായത്തോടെ ഊരിലെ എല്ലാവരെയും മയക്കി കിടത്തി അവനാണ് എല്ലാം ചെയ്തത്. നാണു എന്ന നന്മയുള്ള മനുഷ്യനെ തിന്മയുടെ മേൽപ്പേര് കൊടുത്ത് അവൻ യാത്രയായി.

എല്ലാം മനസിലാക്കി ഒരു മനുഷ്യൻ മാത്രം ആ ഊരിൽ ഉണ്ടായിരുന്നു. കൃഷ്ണന്റെ സഹോദരനായ ഊമയായ വാസു മാത്രം.
പുറത്ത് ആരോടും പറയാൻ ആകാതെ അയാൾ സ്വയം എരിയുകയായിരുന്നു. ഈ നാടകമെല്ലാം കണ്ട ശേഷം അയാളുടെ മനസിൽ ഒരു ചോദ്യം മാത്രമാണ് ഉണ്ടായിരുന്നത്....

"അവരാരായിരുന്നു ഈ ഊരിന് എന്ന് കൃഷ്ണൻ ഇനി എന്ന് തിരിച്ചറിയും"

ഒരു കാഴ്ചക്കാരനായി നിൽക്കേണ്ടി വന്ന തന്റെ നിയോഗത്തിൽ അയാൾ ലജ്ജിതനായി....

— ശുഭം. —